

# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പറപ്പുക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2023-2024


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി9)/1465/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020
തീയ്യതി: 04/12/2024
ഇ-മെയിൽ:
dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പറപ്പൂക്കര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും അതുസംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത്

രജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ).
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി9)/1465/2024

തീയ്യതി: 04/12/2024

# തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-10-2023 മുതൽ 03-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ ആപാകതകൾ ആദ്യത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 10-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന ആപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് നേതൃത്വം നൽകിയ ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2024 | 10-10-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-10-2024 | 10-10-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സബിത എസ്., ഓഡിറ്റ് ഓഫീസർ (സീനിയർ ഗ്രേഡ്)

പ്രശാന്ത് ടി. ജി, ഓഡിറ്റ് ഓഫീസർ

ഷാഫുദ്ദീൻ എസ്. എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

കന്തസ്വാമി പെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

സിജോ തോമസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഇ.കെ അനൂപ് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| സബിത ജി | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആര്യ വിക്രമൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ഡോ. ശിവരാജൻ. കെ.ജി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2023 | 31-03-2024 |
| ഡോ.ഹെൻടി പ്രസാദ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 31-03-2024 |
| ഡോ.ശ്രീജ. എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 03-07-2023 |
| ഡോ.ഇന്ദുമോൾ.ബി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 04-07-2023 | 31-03-2024 |

| | | | |
|---|---|---|---|
| ഡോ. ജോഷി ടി എ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ജിബിന.എം. എം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| നീന ചന്ദ്രൻ | കൃഷി ഓഫീസർ | 01-04-2023 | 09-05-2023 |
| അമൃത.കെ | കൃഷി ഓഫീസർ | 10-05-2023 | 31-03-2024 |
| ഹോമ. കെ | ഐ.സി.ഡി. എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| അനില. ടി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| രാഗി. എം.യു | വി.ഇ.ഒ (നന്ത്യക്കര സർക്കിൾ) | 01-04-2023 | 08-09-2023 |
| ഷീജ.പി.ടി | വി.ഇ.ഒ (നന്ത്യക്കര സർക്കിൾ) | 09-09-2023 | 19-09-2023 |
| രാധിക.സി.ബി | വി.ഇ.ഒ (നന്ത്യക്കര സർക്കിൾ) | 20-09-2023 | 31-03-2024 |
| എൻ സി കൃഷ്ണകുമാർ | വി.ഇ.ഒ ( പറപ്പുക്കര സർക്കിൾ) | 01-04-2023 | 15-07-2023 |
| രാഗി. എം.യു | വി.ഇ.ഒ ( പറപ്പുക്കര സർക്കിൾ) | 16-07-2023 | 18-07-2023 |
| ഷീജ.പി.ടി | വി.ഇ.ഒ ( പറപ്പുക്കര സർക്കിൾ) | 19-07-2023 | 31-03-2024 |
| സുരേഷ് കുമാർ ടി. കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 13-07-2023 |
| സന്തോഷ്.കെ.എഫ് | അസിസ്റ്റന്റ് സെക്രട്ടറി | 14-07-2023 | 20-07-2023 |
| പ്രതീഷ്.വി.വി | അസിസ്റ്റന്റ് സെക്രട്ടറി | 21-07-2023 | 30-11-2023 |
| ഖാലിദ് | അസിസ്റ്റന്റ് സെക്രട്ടറി | 01-12-2023 | 18-12-2023 |
| മനോജ്കുമാർ.എ | അസിസ്റ്റന്റ് സെക്രട്ടറി | 19-12-2023 | 31-03-2024 |
| എം എം ഉണ്ണികൃഷ്ണൻ | പ്രധാന അധ്യാപകൻ , ജി എൽ പി എസ് പറപ്പുക്കര | 01-04-2023 | 30-06-2023 |
| ജയ.എം.വി | പ്രധാന അധ്യാപകൻ , ജി എൽ പി എസ് പറപ്പുക്കര | 01-07-2023 | 31-03-2024 |

# ഉള്ളടക്കം


| ക്ര നം | ഭാഗം 1 | ബണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ എല്ലാ പണ്ടികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | Prior Period Item-അംഗീകരിക്കപ്പെട്ട വാച്ചുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല | 1-1-3 |
| 5 | കടിഴിക ഇകക്ക് അനന്യതയായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | അഡ്വാൻസ് നൽകിയ തുകകൾ ദീർഘകാലമായി ക്രമീകരിക്കാതെ നിലനിർത്തുന്നു | 1-1-5 |
| 7 | വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്തിന്റെ നേട്ട ഫണ്ടിലേക്ക് മാറ്റിയിട്ടില്ല | 1-1-7 |
| 9 | B-4 മെഡിയുള്ളിലെ ബാലൻസും B-17 ലെ ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | സോഫ്റ്റ്വെയറിന് അനേകം അക്കൗണ്ടുകൾ സൃഷ്ടിക്കുന്നു | 1-1-9 |
| 11 | വസ്തുനികുതി-വാർഷിക കണക്കും ഡി.സി.ബി.യിലും പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | സ്റ്റോക്ക് രജിസ്റ്റർ - സ്റ്റോക്കുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-11 |
| 13 | ഗുണ്ടൂർ ഇക നൽകിയത് ചെലവ് പരിശോധനയിൽ ബുക്ക് ചെയ്തു | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | ഫണ്ട് വിനിയോഗം | 1-3 |
| 16 | വരവ് അവലോകനം | 1-4 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 18 | മറ്റുള പദ്ധതികൾ | 1-6 |
| 19 | കൗൺസിൽ മെതിഫിക്കേഷൻ | 1-7 |
| 20 | ആസ്തിയുടെ നിയന്ത്രണം | 1-8 |
| 21 | സർക്കാർ ഉത്തരവിനനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കുന്നില്ല | 1-9 |
| 22 | പൊതു മരാമത്തുപണി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ് | 1-10 |
| 23 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11 |
| 24 | ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഫാക്ടറികൾ | 1-12 |

| | | |
|---|---|---|
| 25 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല | 1-13 |
| 26 | ഹെൽത്ത് ഗ്രാന്റ് ഇനം വിനിയോഗിച്ചിട്ടില്ല | 1-14 |
| 27 | വെതർ സ്റ്റേഷൻ ഇടർ നടപടികൾ -സംബന്ധിച്ച് | 1-15 |
| 28 | കാലാവസ്ഥാ വ്യതിയാനം - പ്രാദേശിക കർമ്മ പദ്ധതി - അഭിനന്ദനാർഹം | 1-16 |
| 29 | സർവ്വേ പദ്ധതി തയ്യാറാക്കിയിട്ടില്ല | 1-17 |
| 30 | ഭരണസമിതിയോഗമിനിറ്റ്സ് - സമയപരിധിക്കകം ക്ലോസ് ചെയ്യുന്നില്ല | 1-18 |
| 31 | ആയുർവേദ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-19 |
| 32 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പിലാക്കിയ പദ്ധതികൾ- വൗച്ചറുകളിൽ പ്രൊക്യൂർമെന്റ് ചട്ടങ്ങൾ പാലിച്ചില്ല | 1-20 |
| 33 | ഗൈനക്കോളജി ഇനം നൽകിയെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല | 1-21 |
| 34 | കോക്ലിയർ ഇംപ്ലാന്റേഷൻ - അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ്- ചികിത്സ ലഭ്യമായതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-22 |
| 35 | ലൈഫ് ഭവനം(ജനറൽ) - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-23 |
| 36 | ലൈഫ് ഭവനം(എസ് സി പി)-ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-24 |
| 37 | വീട് വാസയോഗ്യമാക്കൽ (എസ്.സി)- പദ്ധതി വിഭാവനയും പൂർത്തീകരിച്ചിട്ടില്ല | 1-25 |
| 38 | 'ക്ലീൻ പാപ്പുകൾ'- ഹരിതകർമ്മസേന കണ്ടെത്തിയ ഉപയോക്താക്കൾക്ക് നൽകിയ അവാർഡ് ഇനം ക്രമീകരിച്ചിട്ടില്ല | 1-26 |
| 39 | 'സിഗ്നേച്ചർ' യിൽ നിന്ന് നടപടിക്രമങ്ങൾ പാലിക്കാതെ കട്ടിലുകൾ വാങ്ങി | 1-27 |
| 40 | എം.സി.എച്ച് കെട്ടിടനിർമ്മാണം - പൂർത്തീകരിക്കാത്ത പ്രവൃത്തിന് മുഴുവൻ തുകയും നൽകി | 1-28 |
| 41 | ഇ ടെണ്ടർ - മോഡം വില - സമയബന്ധിതമായി പഞ്ചായത്ത് ഫണ്ടിലേക്ക് അടയ്ക്കേണ്ടതാണ് | 1-29 |
| 42 | പഞ്ചായത്ത് സ്വീകരിച്ച റവന്യൂകുടിശ്ശികയിനത്തിലെ ഇടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ് | 1-30 |
| 43 | വയോജനങ്ങൾക്ക് കട്ടിൽ - ആനുകൂല്യം നല്കിയതിലെ അപാകതകൾ | 1-31 |
| 44 | പോക്കോത്ര എം സി എച്ച് ഉപകരണങ്ങൾ വാങ്ങൽ | 1-32 |
| 45 | മാലിന്യസംസ്കരണം- ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ - അവലോകനം | 1-33 |

ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4

| | | |
|---|---|---|
| 1 | സംയുക്തസംരംഭങ്ങൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനെ സൂചിപ്പിക്കുന്ന ഇനങ്ങളുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/ഫണ്ട് തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ഫണ്ട് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനായശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |

## അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വ്യാഖ്യാന കണക്കുകളുടെ സംക്ഷിപ്തം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് (അക്കൗണ്ടസ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും ഫലിക്കുന്ന നിർദ്ദേശങ്ങളും 18.06.2024 തീയതിയിലെ (1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 2 തീയതിയിൽ പിള്ളണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പറപ്പൂക്കര ഗ്രാമപഞ്ച മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻ ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാ ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്ര എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പ രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തു തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനി ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തു തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥ അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യതയ്ക്ക് അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവര കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പറപ്പൂക്കര ഗ്രാമപഞ്ച 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായയുക്തമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 04.12.2024**

**ഒപ്പ്/-**

### 1-1-1 വാർഷിക കണക്കിൽ എല്ലാ ചുതികകളും ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തു

എ) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 ഇ - അക്കൗണ്ടിംഗ് കുറിപ്പുകൾ-പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ഓ റിപ്പോർട്ടുകൾ തുടങ്ങിയവ.

ബി) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 എഫ് - അടിസ്ഥാന അനുപ

## 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല

വാർഷികക്കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്ത ന്യൂനതകൾ ഉള്ളതിനാൽ അതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash & Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4905572 രൂപയാണ്. എന്നാൽ ഇതേ കാ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activ രേഖപ്പെടുത്തിയിരിക്കുന്നത് 9505708 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാ പ്രകാരം രണ്ട് തുകകളും ചൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേ രണ്ട് തുകകളും ചൊരുത്തപ്പെട്ടിട്ടില്ല.

## 1-1-3 Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (I-18, I-19) പ്രകാരം "190000000-Prior Period "290000000-Prior Period Expenditure" എന്നീ ഹെഡ്ഡുകളിൽ ഉൾപ്പെടുന്ന താഴെ ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വ ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരഞ്ഞെടുത്ത് എടുക്കപ്പെട്ട അംഗീകരിക്കപ്പെട്ട വ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാ ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയ ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31.03.2024 ലെ ലെഡ്ജർ ബാക്കി |
|---|---|
| 290600401-Prior Period Expenses - Remittance Of Unutilised Grants To Government | 67937 |
| 290800301-Prior Period Expenses - Operations And Maintenance | -357629 |
| 290800401-Prior Period Expenses - Interest And Finance Charges | -25 |
| 290800501-Prior Period Expenses - Programme Expenses | 32015 |
| 290800601-Prior Period Expenses - Revenue Grants & Contributions | -8830561 |
| 290800701-Prior Period Expenses - Miscellaneous Expenses | -165 |

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-19) | |
|---|---|
| 190100101-Prior Period Income - Propoerty Tax | -1587 |
| 190200401-Prior Period Income – Other Incomes | 300 |

## 1-1-4 കടിശ്ശിക ഇനങ്ങൾ അനുബന്ധമായി ഓപ്പറേഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കടിശ്ശിക ഉണ്ട്. എന്നാ നികുതിയേതര കടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ തീയതി 26.07.2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)ഫിച്ച പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അ ഓപ്പറേഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-5 അഡ്വാൻസ് നൽകിയ തുകകൾ ദീർഘകാലമായി ക്രമീകരിക്കാതെ നിലനി

വിവിധ ആവശ്യങ്ങൾക്കായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക്/മറ്റുള്ളവർക്ക് അഡ്വാൻസായി തുകകൾ ഇതുവരെ ക്രമീകരിച്ചതായി കാണുന്നില്ല. ദീർഘകാലമായി ക്രമീകരിക്കാതെ തുകകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. Temporary Advance For Official Purpose - 460100103 എന്ന ശീർഷകത്തിൽ 2000 മുതൽ ക്രമീകരിക്കാതെ തുടരുന്നു.
2. Other Advances- 460100199 എന്ന ശീർഷകത്തിൽ 57552 രൂപ (2021 വർഷത്തെ ( പ്രോക് മാമ്പാട് ഹോണറേറിയം) ക്രമീകരിക്കാതെ തുടരുന്നു.
3. Advance To Implementing Agencies- 460500501 എന്ന ശീർഷകത്തിൽ 2019 വർഷ തുകയായ 980621 രൂപ നാളിതുവരെ ക്രമീകരിക്കാതെ തുടരുന്നു.

മേൽ തുകകൾ ക്രമീകരിക്കാൻ സാധിക്കാത്ത പക്ഷം ഇവ തിരികെ ഈടാക്കി അറിയിക്കേണ്ടതാ

## 1-1-6 വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല

01.04.2023-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റസിഡൻഷ്യ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2 അസസ്സ് ചെയ്യപ്പെട്ടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള അക്കൗണ്ട് അടിസ്ഥാനത്തിലുള്ള വ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സംഗ്രഹ സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെ നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). സെക്രട്ടറി തയ്യാറാക്കുന്ന സംഗ്രഹ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിശ്ചിതാനുപാത അനുമതി ഫ് അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2023-24-ലെ "110100101-Property Tax On R Buiding" എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buid ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക ഡിമാന്റ് സാമ്പത്തിക വർഷാവസാനം (31.03.2024-ൽ) മാത്രം രേഖപ്പെടുത്തിയിരിക കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" വെയറിൽ നിന്നും സാമ്പത്തിക വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്ക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരികയാണ് ചെയ്യുന്നത് എന്ന് ഇര വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സ

കണക്കുകളിൽ രേഖപ്പെടുത്താൻ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിശ്ചപ്രകാരം ഉന്നയിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തി രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് നോട്ടീസുകൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-7 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 282 പ്രകാരവും, 2011-ലെ കേരള ട്രഷറി (അക്കൗണ്ടസ്) ചട്ടങ്ങൾ, ചട്ടം 79 പ്രകാരവും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ പഞ്ചായത്ത് അക്കൗണ്ടിൽ നിന്നും ചെക്കുകൾ, എന്നിങ്ങനെയുള്ള തുകകൾ കാലാവധി മൂന്ന് വർഷം തികയുന്നതിന്റെ തൊട്ടടുത്ത തന്നെ ആതാത് സ്ഥാപനത്തിന്റെ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 3 വർഷം കഴിഞ്ഞ തുകകൾ തിരികെയിട്ടില്ലാത്ത ഡെപ്പോസിറ്റ് തുകകൾ ഉള്ളതായി കാണുന്നു.

3 വർഷത്തിലധികം പഴക്കമുള്ള ഡെപ്പോസിറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ശീർഷകം | ഇനം | തുക |
|---|---|---|---|
| 1 | 340100102 | Suppliers Earnest Money Deposit | 23,525 |
| 2 | 340100201 | Contractor's Security Deposit | 1650 |
| 3 | 340100202 | Suppliers Security Deposit | 47,106 |
| 4 | 340100203 | Bidder's Security Deposit | 11,757 |
| 5 | 340100301 | Contractor's Retention | 2,43,257 |
| 6 | 340200102 | Auction Deposit | 12,100 |
| 7 | 340200106 | Deposit Of Rent & Halls | 28,000 |
| 8 | 340100103 | Bidder's Earnest Money Deposit | 1,03,585 |
| 9 | 340200199 | Other Deposits | 18,000 |
| 10 | 340800101 | Deposit Received From Others | 2,73,051 |
| | | | 7,62,031 |

ഇവയെ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേ

## 1-1-8 B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും തമ്മിൽ പൊരുത്തമില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കായി ലഭിച്ച ചെലവഴിക്കാത്ത തുകകളുടെ നീക്കിയിരിപ്പും ടി തുകകൾ സൂക്ഷിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പും തുല്യമാകേണ്ടതുണ്ട്. എന്നാൽ താഴെ ചേർക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ടി ഫണ്ടുകളുടെ ബാങ്ക് അക്കൗണ്ടുകളുടെ ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെട്ടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ശീർഷകം | ഷെഡ്യൂൾ ബി-4 പ്രകാരമുള്ള നീക്കിയിരിപ്പ്(₹) | ബാങ്ക് അക്കൗണ്ട് | ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പ്(₹) |
|---|---|---|---|
| 320200104-Development Fund- Central Finance Commission Grant- Basic Tax | 584252 | 450210101-CFC PFMS BOI (A/C No.855410110011979) | 594030 |
| 320200113-Development Fund- Central Finance Commission Grant- Tied Fund | 45708 | | |
| ആകെ | 629960 | | |

## 1-1-9 തനതുഫണ്ടിന് അനേകം അക്കൗണ്ടുകൾ സൂക്ഷിക്കുന്നു

തനതുഫണ്ട് സൂക്ഷിപ്പിനായി ഗ്രാമപഞ്ചായത്തിൽ താഴെപ്പറയും പ്രകാരം ഇതര ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നതായി കാണുന്നു.

| ക്രമ നമ്പർ | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | വിനിയോഗം |
|---|---|---|---|
| 1 | എച്ച്.ഡി.എഫ്.സി ബാങ്ക് | 50200085257346 | തനത് ഫണ്ട് |
| 2 | കേരള ബാങ്ക് | 150212801000013 | തനത് ഫണ്ട് |
| 3 | സർവ്വീസ് സഹകരണ ബാങ്ക്, പറപ്പക്കര | 10210001006463 | തനത് ഫണ്ട് |
| 4 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 37172085112 | തനത് ഫണ്ട് |
| 5 | എച്ച്.ഡി.എഫ്.സി ബാങ്ക് | 50100378740601 | തനത് ഫണ്ട് |

26.05.2011 തീയതിയിലെ സർക്കുലർ നമ്പർ 58725/എഫ്.എ3/2008/ത.സ്വ.ഭ.വ പ്രകാരം വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ തുടങ്ങാമെങ്കിലും ട്രഷറി അക്കൗണ്ടിനു പുറമെ ഒരു ദേശസാൽകൃത/സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രമാണ് തനത് നിക്ഷേപിക്കേണ്ടത്. തനത് ഫണ്ട് 5 ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് സംബന്ധിച്ചുള്ള അന്വേഷണത്തിന് (17/08.10.24) മറുപടി ലഭ്യമാക്കിയില്ല. മേൽ ഉത്തരവ് പാലിച്ച് അക്കൗണ്ടുകൾ നിലനിർത്തി അല്ലാത്തവ ക്ലോസ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-1-10 വസ്തുനികുതി-വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നു

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്നു "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും വസ്തുനികുതി ഡിമാന്റ് ഇനവും വാർഷികകണക്കുകളിലെ പട്ടികകൾ പ്രകാരമുള്ള ഡിമാന്റ്, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകളും പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് തെ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെട്ടുന്നില്ല.

| | സഞ്ചയ പ്രകാരം | | | സോഫ്റ്റ്വെയർ വാർഷികകണക്കിലെ പട്ടികകൾ പ്രകാരം | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാക്കി | ഡിമാന്റ് | കളക്ഷൻ | ബാക്കി |
| തനിവർഷം-വസ്തുനികുതി-റെസിഡൻഷ്യൽ | 3486557 | 3455178 | 26777 | 3486557 | 3452163 | 28123 |
| തനിവർഷം-വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ | 2821589 | 2729801 | 73152 | 2821589 | 2726902 | 76813 |

## 1-1-11 ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിര ആസ്തിയുടെയും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കു

## 1-1-12 ഇൻക്കർ തുക നൽകിയത് ചെലവ് ശീർഷകത്തിൽ ബുക്ക് ചെയ്തു

2023-24 വർഷത്തിൽ നടപ്പാക്കിയ പ്രോജക്ടുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിന് ഹോംകോ എന്നിവർക്ക് തുക ഇൻക്കർ മൈമാറിയിട്ടുണ്ട്. എന്നാൽ ഇൻക്കർ നൽകുമ്പോൾ ഉചിതമായ ശീർഷകത്തിൽ രേഖപ്പെടുത്തുകയും സാധനങ്ങൾ ലഭിക്കുമ്പോൾ മാത്രം ആയത് ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം ഇൻക്കർ നൽകിയ ഇടപാട് ചെലവ് ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതായി വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പറും പേരും | തുക | വൗച്ചർ നമ്പർ/ തീയതി | ചെലവ് ബുക്ക ചെയ്ത ശീർഷകം |
|---|---|---|---|---|
| 1 | 36/24-ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 200000 | **42301164** /30.11.2023 | 251110208 Medical Institution-Homoeo-Purchase Of Medcines In Health Institutions |
| 2 | 84/24 (പി.എച്ച്.സി യിലേയ്ക്ക് മരുന്ന് വാങ്ങൽ) | 491915 | 42301100/23-24, തീയതി 30.10.23 | 251110008-Medical Institution-Alloppathy-Purchase Of |

ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത ഇകകൾ 2024-25 സാമ്പത്തിക വർഷത്തിൽ ക്രമീകരി ഇത്തരത്തിലുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-2 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറ വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3 ത.സ്വ.ഭ.വ തീയതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായ ബജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേ വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെ നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർ-ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. നിശ്ചയിച്ച പ്രകാരമുള്ള സമയക്രമങ്ങൾ പാലിച്ച തയ്യാറാക്കിയിട്ടുണ്ട്.

27.03.2023-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നമ്പർ 1(1) പ്രകാരം വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| പ്രാരംഭ ബാക്കി | തനിവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 11266097 | 229872271 | 241138368 | 231726790 | 9411578 |

12.02.2024-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നമ്പർ 1(1) പ്രകാരം വർഷത്തെ പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| പ്രാരംഭ ബാക്കി | തനിവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 24860664 | 279863491 | 304724155 | 287372947 | 17351208 |

## 1-3 ഫണ്ട് വിനിയോഗം

വാർഷിക ധനകാര്യ പത്രിക, എ.സി.ആർ എന്നിവയുടെ അടിസ്ഥാനത്തിൽ പദ്ധ ലഭ്യമായിട്ടുള്ള ഫണ്ടുകളുടെ വരവ് ചിലവ് വിവരങ്ങൾ ചേർക്കുന്നു.

എ)

| ഫണ്ടിനം | മുൻ ബാക്കി | തനിവർഷ വരവ് | ആകെ | ചെലവ് | ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 18846000 | 18846000 | 17887316 | 958684 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 11633000 | 11633000 | 11332522 | 300478 |
| മെയിന്റനൻസ്, റോഡ് | 0 | 20111350 | 20111350 | 7600098 | 12511252 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 2952000 | 2952000 | 2935407 | 16593 |
| ആകെ | | 53542350 | 53542350 | 39755343 | 13787007 |

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭിച്ച 53542350 രൂപയിൽ 13787 ചിലവഴിക്കാതെ ലാപ്സായിട്ടുണ്ട്.

ബി)

| ഫണ്ടിനം | മുൻ ബാക്കി | നടപ്പുവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബെയ്സിക് ഫിനാൻസ് കമീഷൻ ഗ്രാന്റ് (Basic Grant) | 460550* | 3172185 | 3632735 | 3048483 | 584252 |
| ബെയിസ്ഡ് ഫിനാൻസ് കമീഷൻ ഗ്രാന്റ് (Tied) | 1718680* | 2340500 | 4059180 | 4013472 | 45708 |
| Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres | 1871 | 416932 | 418803 | 237853 | 180950 |
| Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs | 3875 | 1007744 | 1011619 | 310982 | 700637 |
| Grants For Specific Purposes - Health Grant Towards Buildingless Subcentres, PHCs And CHCs | 0 | 2814518 | 2814518 | 0 | 2814518 |
| ICDS | 1252018 | 1214150 | 2466168 | 989539 | 1476629 |
| Literacy Scheme | 100000 | 4432 | 104432 | 4432 | 100000 |
| Grants From Suchitwa Mission | 276911 | 311464 | 588375 | 311464 | 276911 |
| TSC | 291845 | 0 | 291845 | 10000 | 281845 |
| Grants, Funds & Contributions For Specific Purposes - Other Government Agencies. | 14513 | 0 | 14513 | 0 | 14513 |

| | | | | | |
|---|---|---|---|---|---|
| Contributions For Joint Venture Projects (For Revenue Expenditure) - Block Panchayats | 100000 | 0 | 100000 | 0 | 100000 |
| Contributions For Joint Venture Projects (For Capital Expenditure) - Block Panchayats | 10000 | 0 | 10000 | 0 | 10000 |
| Contributions For Joint Venture Projects (For Revenue Expenditure) - District Panchayats | 121812 | 732543 | 854355 | 854355 | 0 |
| Contributions For Joint Venture Projects (For Revenue Expenditure) - From Municipal Corporations | 0 | 2000000 | 2000000 | 2000000 | 0 |
| Flood Relief Grant | 0 | 100000 | 100000 | 0 | 100000 |
| Vimukti | 5938 | 0 | 5938 | 0 | 5938 |
| MPLADS | 5342 | 0 | 5342 | 0 | 5342 |
| Epidemic Control | 2266 | 0 | 2266 | 0 | 2266 |
| Beneficiary Contributions | 48185 | 92185 | 140370 | 92185 | 48185 |
| Life Mission State Share | 0 | 7211632 | 7211632 | 4840000 | 2371632 |
| **Awards And Honours - Central Government** | 100000 | 0 | 100000 | 0 | 100000 |

*CFC Grant (Tied & Untied) എന്നിവയുടെ 2022-23 വർഷത്തെ നീക്കിയിരിപ്പ് മുൻവർഷത്തെ റിപ്പോർട്ടിൽ ചേർത്തിട്ടില്ല. മുൻവർഷത്തെ വാർഷിക കണക്കിൽ നീക്കി വിവരങ്ങൾ തെറ്റായിട്ടാണ് ചേർത്തിരിക്കുന്നത്. ഈ അപാകതകൾ തുടർവർഷ പരിഹ അപാകതകൾ പരിഹരിച്ചതിന് ശേഷമുള്ള യഥാർത്ഥ കണക്കുകളാണ് ചേർത്തിരിക്കുന്നത്.

## 1-4 പദ്ധതി അവലോകനം

എ) ഓഡിറ്റ് വർഷം ആരംഭിക്കാതെ ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർ

| ആരംഭിക്കാതെ ലഭിച്ചത് (എണ്ണം) | പദ്ധതി ആരംഭിച്ചത് | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം | ചെലവഴിച്ച തുകയുടെ ശതമാനം |
|---|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 282 | 14,91,19,796 | 174 | 7,78,00,903 | 0 | 108 | 61.70 | 52.17 % |

ബി) വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പിലാക്കിയ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | | നടപ്പിലാക്കിയ പ്രോജക്ടുകൾക്കായി ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനത്തിൽ |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 7898622 | 9 | | 4791044 | 60.65 |
| വെറ്റിനറി സർജൻ | 6 | 4729200 | 5 | | 1459498 | 30.86 |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 11 | 4761478 | 9 | | 3507894 | 73.67 |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | 4 | 760000 | 3 | | 725000 | 95.39 |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | 3 | 446000 | 3 | | 446000 | 100 |
| സബ് ഇൻസ്പെക്ടർഓഫ് ഫിഷറീസ് | 1 | 160000 | 1 | | 159280 | 99.55 |
| വി.ഇ.ഒ | 17 | 38324339 | 12 | | 23281933 | 60.75 |
| ICDS സൂപ്പർ വൈസർ | 17 | 6738493 | 15 | | 5596403 | 83.05 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 900000 | 1 | | 600000 | 66.66 |
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 60 | 19833474 | 43 | | 15580761 | 78.56 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 132 | 61593973 | 58 | | 19165780 | 31.11 |
| ഹെഡ് മാസ്റ്റർ | 10 | 805013 | 7 | | 564633 | 70.14 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 2169204 | 8 | | 1922677 | 88.63 |
| ആകെ | 282 | 14,91,19,796 | 174 | | 7,78,00,903 | 52.17 |

അംഗീകാരം ലഭിച്ച 282 പദ്ധതികളിൽ എണ്ണം 174 (61.70%) നടപ്പാക്കിട്ടുണ്ട്. വകയിരുത്തലുകളിൽ 52.17 % മാത്രം ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വികസനത്തിനും സാമൂഹ്യ വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രധാനമാണ്. പ്രോജക്ട് ആവിഷ്കരിക്കുന്നതിലും അംഗീകാരം നേടുന്നതിലും സമയക്രമം

പരമാവധി ഫണ്ട് വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതര സാമ്പത്തിക വർഷത്തെ പരമാവധി ഇക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വ ഉറപ്പാക്കേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി | 0 1488129 | 1488129 | 1488129 | 0 |
| ഉണ്ണുനോക്കുകൾക്ക് നേരിട്ട് നല്കുന്നത് | 0 24714051 | 24714051 | 24714051 | 0 |
| മെറ്റീരിയൽ വർക്ക് | 0 305186 | 305186 | 305186 | 0 |
| ആകെ | 0 26507366 | 26507366 | 26507366 | 0 |

വാർഷിക ധനകാര്യ പട്ടിക പ്രകാരം ഇൻകം & എക്സ്പെന്റിച്ചർ I-14 C യിലെയും I-14 ളികകൾ രേഖപ്പെടുത്തിയിരിക്കുന്നത് വ്യത്യാസപ്പെട്ടിരിക്കുന്നു. (തൊഴിലുറപ്പ് രേഖപ്പെടുത്തേ F ൽ ഉണ്ണുനോക്കുകൾക്ക് നേരിട്ട് നല്കുന്ന ഇകയും, ഉണ്ണുനോക്കുകൾക്ക് നേരിട്ട് ന രേഖപ്പെടുത്തേണ്ട I-14 C യിൽ തൊഴിലുറപ്പും രേഖപ്പെടുത്തിയിരിക്കുന്നു)

## 1-6 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് ഇക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 6126400 | 529 |
| വിധവാപെൻഷൻ | 14651300 | 1361 |
| വാർദ്ധക്യകാല പെൻഷൻ | 27810700 | 2702 |
| വികലാംഗ പെൻഷൻ | 3737700 | 337 |
| 50 വയസ്സിനുമേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1173200 | 107 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധന സഹായം | 150000 | 5 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 07.10.2024 തീയതിയിൽ 3:00 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബുക്ക് പ്രകാരമുള്ള 15139 രൂപ ക്യാഷ് ബാ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന് പരിശോധനയുടെ ഭാഗമായി കണ്ട അപാകത റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-9 സർക്കാർ ഉത്തരവിനനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ സ.ഉ(ആ)നം.80/2017/ത.സ്വ.ഭ.വ. ഉത്തരവ് 1996 ലെ കേരള പഞ്ചായത്ത് രാജ് (സ്ഥാപനവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറി ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ചട്ട പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേന വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാക്കുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാര പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. പ്രസ്തുത ഭേദഗതി ഉല്പാദന മേഖലയിൽ 25 ലക്ഷം രൂപയിലും, സേവന മേഖലയിൽ 10 ലക്ഷം കവിയാത്തതുമായ സ്ഥാപനങ്ങളെ മൈക്രോ എന്റർപ്രൈസസ് എന്ന ഗണത്തിൽ ഉൾ ഈടാക്കാവുന്ന പരമാവധി വാർഷിക ലൈസൻസ് ഫീസ് 500 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മിനി, സ്മോൾ, മീഡിയം എന്റർപ്രൈസസ് എന്നിങ്ങനെ തരംതിരിച്ച് ആയവയ്ക്ക് ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീസ് ക്രമം 1000, 5000, 10000, 15000 എന്ന നിരക്കിൽ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പഞ്ച ലൈസൻസ് രജിസ്റ്ററും, ഉടമകൾ സമർപ്പിച്ചിരിക്കുന്ന അപേക്ഷകളും പരിശോധിച്ചപ്പോൾ എന്റർപ്രൈസസ് സ്ഥാപനങ്ങളിൽ നിന്നും ഏകീകൃത നിരക്കിലല്ല മേൽ വ്യത്യസ്തമായ ഈ ഫീസാണ് ഈടാക്കിയിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | തുക |
|---|---|
| കിരൺ ഫർണിച്ചർ (10/458) | 300 |
| മാത ഫർണീച്ചർ ഇൻഡസ്ട്രീസ് (11/213) | 400 |
| ഓസ്കാർ സ്റ്റുഡിയോ (11/406) | 300 |
| ഗ്രാഫോപ്ലെക്സ് എഞ്ചിനീയറിംഗ് വർക്സ് (16/470) | 305 |

ആയതിനാൽ 31.10.2017 ലെ സ.ഉ(ആ)നം.80/2017/ത.സ്വ.ഭ.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് മരാമത്ത് സമിതി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ഓഡിറ്റ് നടത്തുന്നതിനും, തീരുമാനമെടുത്തിട്ടില്ലെങ്കിൽ പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളിൽ ഏപ്രകാരമാണ് ലൈസൻസ് ഫീസ് ഈടാക്കുന്നതെന്ന് വ്യക്തമാക്കുന്നതിനും ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.19/09.10.2024) ഈ ഫീസിന്റെ പരിധി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് മരാമത്ത് സമിതി തീരുമാനം വിശദമറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ കേരള പഞ്ചായത്ത് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കും) ലൈസൻസ് നൽകൽ, ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപ അടിസ്ഥാനത്തിലുള്ള ലൈസൻസ് ഫീസ് മരാമത്ത് സമിതി നിശ്ചയിക്കേണ്ടതും ആയതിനനുസരിച്ച് ഫീസ് ഈടാക്കേണ്ടതുമാണ്.

## 1-10 പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നടത്തിപ്പിൽ വീഴ്ച സംഭവിച്ചിരിക്കുന്നു

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പ്രസ്തുത കെട്ടിടം നടത്താനാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച.മീ. വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, മറ്റു കെട്ടിടങ്ങൾക്ക് ഒഴികെയുള്ള കെട്ടിടങ്ങൾക്ക് കെട്ടിടനിർമ്മാണ പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ പ്രസ്തുത കെട്ടിടത്തിന് പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്ത

| | | | |
|---|---|---|---|
| 9. | അന്ന സെറാമിക്സ് | 8/62 | 9 |
| 10. | R.P ഫർണീച്ചർ ഇൻഡസ്ട്രീസ് | 14/200 | 9 |
| 11. | പാരക്കുക്ക് ഇൻഡസ്ട്രീസ് | 9/179B | 6 |
| 12. | സ്റ്റൈ വുഡ് ഡിസൈനേഴ്സ് | 4/65 | 5 |
| 13. | കൊടകര പെട്രോപാർക്ക് | 9/51A.B | 18 |
| 14. | ജോമിസൺ ഫുഡ് ഇന്ത്യ | 12/12,13 | 4 |
| 15. | കോളൻ ഡ്രഗ്സ് & മെഡിസിൻ | 12/346,347 | 12 |
| 16. | ഹരിശ്രീ ആക്ഷർവേദിക്സ് | 6/163 | 11 |
| 17. | ശ്രീ അയ്യപ്പ പെട്രോപാർക്ക് | 7/126A,126B | 10 |
| 18. | SS പോളിത്തേഴ്സ് | 7/101A | 15 |
| 19. | ഗോൾഡൻ സ്റ്റാൻ ഹോട്ടൽസ് | 4/72A | 6 |

മേൽ പട്ടികയിലെ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാതിരുന്നതിനുള്ള കാരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ നോട്ടീസ് അന്വേഷണത്തിന് (നം.23/09.10.202 ലഭ്യമാക്കിയിട്ടില്ല. സ്ഥാപന ഉടമകൾക്ക് നോട്ടീസ് നൽകി ജീവനക്കാരിൽ തൊഴിൽനികുതി സ്ലാബിൽ ഉൾപ്പെടുത്താതെയും തുക നിശ്ചയിച്ചതിനാലും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തനതുവരുമാനം നഷ്ടപ്പെടാതിരിക്കേണ്ടതുമാണ്.

## 1-12 ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഫാമുകൾ

